**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2112** **04.11.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ<br>,, എസ്.രാജേന്ദ്രൻ<br>,, ഐ.ബി. സതീഷ്<br>,, പി.കെ. ശശി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ പുരോഗതി അറിയിക്കാമോ; | (എ) | ഒരു കുടുംബത്തിലെ എല്ലാവർക്കും സമഗ്രപ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കുവാൻ കഴിയുന്ന രീതിയിൽ അർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ചു വരികയാണ്. ഒന്നാം ഘട്ടത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 170 കേന്ദ്രങ്ങളിൽ 162 എണ്ണം ഇതിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. (എന്നാൽ ഇതിൽ രണ്ടെണ്ണം പ്രളയ ബാധിതമായി) രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത 504 കേന്ദ്രങ്ങളിൽ 381 എണ്ണത്തിന് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി നൽകുകയും അതിൽ 43 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുകയും 166 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഈ വർഷം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി പുതുതായി സൃഷ്ടിച്ച 1000 തസ്തികകൾ അടക്കം സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ മാത്രം 3159 തസ്തികകൾ ഇതിനകം സൃഷ്ടിച്ച് നിയമനം നടത്തി വരുകയാണ്.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനമേഖലകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി.സേവനങ്ങൾ വൈകുന്നേരം 6 മണി വരെ ആക്കുകയും, നഴ്സസ് പ്രീ-ചെക്ക് അപ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിത ശൈലി രോഗ ക്ലിനിക്കുകൾ, ആസ്ത്മ ശ്വാസം മുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള "ആശ്വാസ് ക്ലിനിക്" നഴ്സ്മാരുടെ സ്ഥാപനതല ഔട്ട് റീച്ച് പ്രോഗ്രാം തുടങ്ങിയവ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രഥമ സ്ഥാനങ്ങൾ സംസ്ഥാനത്തെ കുടുംബാരോഗ്യകേന്ദ്രങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ, വിശദാംശം നൽകമോ, | (ബി) | NQAS Accreditation പരിശോധനയിൽ 99% മാർക്ക് നേടി എഫ്.എച്ച്.സി. കൈയ്യൂർ കാസർഗോഡ്, എഫ്.എച്ച്.സി. പുഴനാട്, തിരുവനന്തപുരം എന്നിവ ദേശീയ തലത്തിൽ ഒന്നാം സ്ഥാനത്തെത്തി. ഇത് കൂടാതെ എഫ്.എച്ച്.സി. ന്യൂൽപുഴ, എഫ്.എച്ച്.സി. ചെറുതാഴം കണ്ണൂർ ജില്ല എന്നിവ 98% മാർക്ക് നേടി ദേശീയ തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. |
| (സി) | ഏതെല്ലാം ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഇപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കാമോ, | (സി) | Service Provision, Patient right inputs (ഭൗതിക സാഹചര്യങ്ങൾ) Supportive Services, Clinical Services, Infection Control, Quality Management, Outcome എന്നീ 8 വിഭാഗങ്ങളിലായി 6500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് NQAS Accreditation നൽകുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്ക് ശേഷം NHSRC നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനയ്ക്ക് ശേഷമാണ് ഭാരത സർക്കാർ NQAS Accreditation നൽകുന്നത്. NQAS Accreditation ലഭിക്കുന്ന കിടത്തി ചികിത്സയുള്ള ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 (പതിനായിരം) രൂപ എന്ന നിലയിലും കിടത്തി ചികിത്സയില്ലാത്ത PHC, UPHC കേന്ദ്രങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ഓരോ വർഷവും മൂന്ന് വർഷത്തേക്ക് പാരിതോഷികം ലഭിക്കുന്നു. മൂന്നു വർഷത്തിനു ശേഷം ദേശീയതല പുനഃപരിശോധന ഉണ്ടായിരിക്കുന്നതാണ്.<br>സംസ്ഥാനത്തു നടത്തിവരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.യെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും NQAS Accreditation നേടിയെടുക്കുകയുമാണ് ലക്ഷ്യം. |
| (ഡി) | കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിരുന്നത്. അതിൽ 162 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br>2018-19 സാമ്പത്തിക വർഷത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ 381 എണ്ണത്തിന് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകി. അവയിൽ 43 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുകയും 166 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.<br>2019-20 സാമ്പത്തിക വർഷത്തിൽ 220 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 34.10 കോടി രൂപയുടെ അംഗീകാരം നാഷണൽ ഹെൽത്ത് മിഷന് നൽകിയിട്ടുണ്ട്. എൻ.എച്ച്.എം.-ന്റെ അതാത് ജില്ലാ പ്രോഗ്രാം ഓഫീസ് മുഖേനയാണ് ആരോഗ്യ കേന്ദ്രങ്ങളെ തെരഞ്ഞെടുക്കുന്നത്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ